ഇറയം റിസർച്ച് ജേർണൽ
January - April 2022 Volume VI Issue 1

# 'എൻമകജെ': കാലവും രാഷ്ട്രീയവും

**ശിൽപ എൻ. പി.**

**ആമുഖം**

ആധുനികാനന്തര മലയാളനോവലുകളുടെ പൊതുസ്വഭാവം സാമൂഹികതയിലേക്കുള്ള തിരിച്ചുവരവാണ്. ആധുനികതയുടെ വ്യക്തികേന്ദ്ര രചനാശൈലിയെ മറികടന്നുകൊണ്ട് ഒരു കൂട്ടത്തിന്റെയോ സമൂഹത്തിന്റെയോ പ്രശ്നങ്ങളെയും ചിന്തകളെയും അത് ഏറ്റെടുത്തു. ആധുനികാനന്തരസമൂഹം രൂപപ്പെടുത്തിയ രാഷ്ട്രീയം ചർച്ചചെയ്യുകയും പ്രകടിപ്പിക്കുകയും ചെയ്യുന്ന നോവലുകളുടെ ധാര 90 കൾ മുതൽ മലയാളത്തിൽ പ്രത്യക്ഷമായി. അവ മുഖ്യമായും പരിസ്ഥിതി, സ്ത്രീ, കീഴാള ജീവിതത്തിന്റെ ആകുലതകളെ എഴുത്തിലേക്ക് കൊണ്ടുവന്നു. സാഹിത്യരചനയിലൂടെയുള്ള സാമൂഹികപ്രതിബദ്ധതയാണ് അത് നിറവേറ്റുന്നതെന്ന് പറയാം.

ആധുനികതയുടെ കാലത്തുണ്ടായ ഹരിതവിപ്ലവത്തിന്റെ വരവോടെ ഭരണകൂടങ്ങൾ ബഹുരാഷ്ട്രകുത്തകകൾക്കു കീഴടങ്ങുന്ന അവസ്ഥയുടേയും ആഗോളവൽക്കരണം മൂന്നാംലോകരാജ്യങ്ങളിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങളുടെ പ്രതികരണമെന്ന നിലയിൽ ഉയർന്നുവന്ന പ്രതിരോധ രാഷ്ട്രീയത്തിന്റെയും സ്വഭാവം ആധുനികാനന്തര നോവലുകളിൽ പ്രകടമാണ്. അധിനിവേശത്തിനെതിരെയുള്ള പ്രതികരണങ്ങളും ചെറുത്തുനില്പും സാഹിത്യത്തിന്റെ ഭാഗമാവുന്നതോടൊപ്പം പ്രാദേശികതയും സ്വത്വരാഷ്ട്രീയവുമെല്ലാം ആധുനികാനന്തര രചനകളിൽ പ്രത്യേകിച്ച് നോവുകളിൽ പ്രതിഫലിക്കുകയുണ്ടായി. ഉത്തരാധുനിക നോവലുകളിൽ പരിസ്ഥിതി,പ്രാദേശിക, സ്ത്രീ പ്രശ്നങ്ങൾ മാത്രമല്ല ആധുനികതയുടെയും വികസനത്തിന്റെയും വിമർശനവും മുഖ്യമായും കടന്നു വന്നിട്ടുണ്ട്. ഇവിടെയെല്ലാം തന്നെ ജനാധിപത്യ ഭരണകൂടമാണ് പ്രതിസ്ഥാനത്ത് നിൽക്കുന്നത് എന്നതാണ് പ്രത്യേകത.

ഉത്തരാധുനിക നോവലുകളിലെ ഭാഷയിലുണ്ടായിട്ടുള്ള ഇടപെടലുകൾ ശ്രദ്ധേയമാണ്. ഒരു പ്രദേശത്തിന്റെയോ സമൂഹത്തിന്റെയോ കഥ പറയുമ്പോൾ ആ പ്രദേശത്തും സമൂഹത്തുമായി നില നിൽക്കുന്ന ഭാഷയെ അതിന്റെ വാമൊഴിവഴക്കത്തോടും സംഭാഷണത്തോടും കൂടി അവതരിപ്പിക്കുവാൻ ഉത്തരാധുനിക നോവലിസ്റ്റുകൾ തയ്യാറാകുന്നു. ഇതുവഴി ഭാഷയിലൂടെ സാമൂഹിക പ്രശ്നങ്ങളിലേക്ക് ഇടപെടാനും ഭാഷയിലൂടെയുള്ള പ്രതിരോധം സാധ്യമാക്കാനും കഴിയുന്നു എന്നതാണ് മുഖ്യം. നഷ്ടപ്പെടലിന്റെ വേദനയും തിരിച്ചുപിടിക്കാനുള്ള വ്യഗ്രതയുമാണ് ഉത്തരാധുനിക എഴുത്തിൽ കാണുന്നതെന്ന് സി.കെ. ദിവ്യ ഗവേഷണ പ്രബന്ധത്തിൽ

പറയുന്ന(2011:19) പ്രതിരോധത്തിന്റെ രാഷ്ട്രീയമാണ് പൊതുവിൽ ഉത്തരാധുനിക നോവലുകൾ മുന്നോട്ടുവയ്ക്കുന്നത്. എം. എൻ. വിജയന്റെ *പ്രതിരോധത്തിന്റെ കല* എന്ന ലേഖനത്തിൽ ഇങ്ങനെ പറയുന്നു:"ഉത്തരാധുനിക കാലം വീണ്ടും ഒരു പ്രതിരോധത്തിന്റെ കാലമാകുന്നു. എങ്ങനെയാണ് വ്യാമോഹങ്ങളെ പ്രതിരോധിക്കേണ്ടതെന്നും എങ്ങിനെയാണ് ജീവിതത്തെ ഭൂമിയിലേക്ക് ഇറക്കി നിർത്തേണ്ടതെന്നും എങ്ങിനെയാണ് അനുഭവത്തെ പൂർണ്ണമായി ഇല്ലാതാക്കി തീർക്കുന്ന ഒരു സമൂഹത്തിൽ നിന്ന് അനുഭവ പൂർണ്ണമായ പഴയ സമൂഹത്തിലേക്ക് തിരിച്ചു പോകേണ്ടതെന്നും ഇവിടുത്തെ ജനങ്ങൾ അന്വേഷിക്കേണ്ട കാലമാണിത്"(2002:79). ഇങ്ങനെ അനുഭവ പൂർണ്ണമായ പഴയ സമൂഹത്തിലേക്കുള്ള തിരിച്ചുപോക്കിന്റെ അന്വേഷണത്തിനു വേണ്ടിയുള്ള സമരമാണ് ഉത്തരാധുനിക നോവലുകളിൽ കാണുന്നത്. ആഗോളവൽക്കരണത്തിനെതിരെയും അധിനിവേശത്തിനെതിരെയും കയ്യേറ്റത്തിനെതിരെയുമുള്ള സമീപകാല നേർചിത്രങ്ങളാണ് ആധുനികാനന്തര നോവലുകൾ പൊതുവിൽ കൈകാര്യം ചെയ്യുന്നത്.

സാഹിത്യത്തിന്റെ നാളിതുവരെയുള്ള ചരിത്രം പരിശോധിക്കുമ്പോൾ ഇതുവരെ ആരും ഏറ്റെടുത്തിട്ടില്ലാത്ത പരിഗണിക്കുക കൂടി ചെയ്തിട്ടില്ലാത്ത സാമൂഹികവിഷയങ്ങൾ ആധുനികാനന്തര രചനകളിൽ കടന്നുവന്നിട്ടുള്ളതായി കാണാം. ആധുനികതയിൽ നിന്നും വ്യത്യസ്തമായി ആധുനികാനന്തര മലയാളനോവലിൻ്റെ ആഖ്യാനകല സമാന്തരമായ പാശ്ചാത്യ നോവലിന്റെ ആഖ്യാനകലയിൽ നിന്നല്ല രൂപംകൊള്ളുന്നത് എന്നതാണ് ഇതിന്റെ പ്രധാന കാരണമായി ചൂണ്ടിക്കാട്ടപ്പെട്ടിട്ടുള്ളത് (2011:47) . ആഖ്യാനത്തിലെ ബഹുസ്വരത ആധുനികാനന്തര നോവലിന്റെ പ്രധാന പ്രത്യേകതയായി കാണാവുന്നതാണ്. നോവൽ ആഖ്യാനത്തിന്റെ പ്രധാന രാഷ്ട്രീയവും പ്രത്യയശാസ്ത്രവുമായി ചരിത്രത്തെ ഏറ്റെടുത്തവരാണ് ആധുനികാനന്തര നോവലിസ്റ്റുകൾ.ആനന്ദ്, സാറാജോസഫ്, എൻ.എസ്. മാധവൻ, പി.മോഹൻ, കെ.പി.ഉണ്ണി, സുഭാഷ് ചന്ദ്രൻ ,ഇ. സന്തോഷ് കുമാർ, ടി.ഡി.രാമകൃഷ്ണൻ, ഖദീജ മുംതാസ്, ടി.പി.രാജീവൻ, എൻ.പ്രഭാകരൻ, അംബികാസുതൻ മാങ്ങാട് എന്നിങ്ങനെ വലിയൊരു നിര തന്നെ ആധുനികാനന്തര നോവലുകളിലൂടെ വ്യതിരിക്തമായ സാമൂഹിക വിഷയങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ട്. ആധുനികതയ്ക്ക് ശേഷം വന്ന പുതിയൊരു രാഷ്ട്രീയ ബോധം ഇവരിലെല്ലാം കാണാം.

ആധുനികാനന്തര മലയാളനോവലിൽ അവതരിപ്പിക്കപ്പെടുന്ന രാഷ്ട്രീയ സ്വഭാവം പ്രകടമാക്കുന്ന നോവലുകളാണ് അംബികാസുതൻ മാങ്ങാടിന്റെ *മരക്കാപ്പിലെ തെയ്യങ്ങൾ*(2003), *എൻമകജെ*(2009) എന്നിവ. ഈ നോവലുകൾ പ്രകടവും പ്രത്യക്ഷവുമായി വർത്തമാനകാലത്തെ കേരളീയ ജീവിതത്തിലെ രണ്ട് രൂക്ഷമായ രാഷ്ട്രീയ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നവയാണ്. ആഗോളവത്കരണത്തിന്റെയും അധിനിവേശത്തിന്റെയും ഭാഗമായി ബഹുരാഷ്ട്ര കമ്പനികൾ തയ്യാറാക്കിയ അജണ്ടകളുടെ ബലിയാടായി തീരേണ്ടി വന്ന ബിംബത്തെയാണ് മരക്കാപ്പ് പ്രതിനിധാനം ചെയ്യുന്നതെങ്കിൽ കാർഷിക മേഖലയിൽ ഉല്പാദനം വർധിപ്പിക്കാനായി നടപ്പിൽ വരുത്തിയ ഹരിതവിപ്ലവത്തിന്റെ പ്രത്യാഘാതങ്ങളെയാണ് എൻമകജെ ആവിഷ്കരിക്കുന്നത്. ഹരിതവിപ്ലവത്തിന്റെ വരവോടു കൂടി കൃഷി വ്യവസായമായി മാറുകയും കീടനാശിനികളുടെ ഉല്പാദനവും ഉപയോഗവുമെല്ലാം കുത്തകകളുടെ ഭാഗമാവുകയും ചെയ്തു. എൻമകജെയുടെ സാമൂഹികവും രാഷ്ട്രീയവുമായ പരിസരം രൂപപ്പെടുന്നത് എൻഡോസൾഫാൻ എന്ന കീടനാശിനി സൃഷ്ടിച്ച അനുഭവ നിരീക്ഷണങ്ങളിൽ നിന്നുമാണ്. കാസർകോട് ജില്ലയിലെ

ഉൾനാടൻ ഗ്രാമമായ എൻമകജെ എൻഡോസൾഫാൻ മൂലം ഏറ്റവുമധികം ദുരിതം അനുഭവിക്കേണ്ടി വന്ന പഞ്ചായത്താണ്.

1974 ഓടു കൂടിയാണ് ഇന്ത്യ ഉൾപ്പെടെയുള്ള മൂന്നാം ലോക രാജ്യങ്ങളിൽ എൻഡോസൾഫാൻ വ്യാപകമാവുന്നത്. മുംബൈ ഗ്രൂപ്പായ ദലാൽ കൺസൾട്ടൻസ് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ എൻഡോസൾഫാൻ പ്ലാന്റുകൾ നിർമ്മിക്കുകയുണ്ടായി. കേരള പ്ലാന്റേഷൻ കോർപ്പറേഷൻ കാസർകോട് ഗവർമെന്റിന്റ് കീഴിലുള്ള 4600 ഹെക്ടർ കശുവണ്ടിത്തോട്ടത്തിൽ 1976 മുതൽ 2000 വരെയുള്ള 24 വർഷക്കാലമാണ് എൻഡോസൾഫാൻ കീടനാശിനി തളിച്ചത്. ബെല്ലൂർ, കുംബാഡജെ, ബദിയടുക്ക, കാരഡുക്ക, പെരിയ, പുല്ലൂർ, അജാനൂർ, കല്ലാർ ,മുള്ളേരിയ ,ചീമേനി ,എൻമകജെ എന്നിവയെല്ലാം എൻഡോസൾഫാന്റെ ദുരന്ത ഫലങ്ങൾ ഏറ്റവും കൂടുതൽ ഏറ്റു വാങ്ങിയ ഗ്രാമങ്ങളാണ്. മാനസികവും ശാരീരികവുമായ വൈകല്യങ്ങൾ ഏറ്റുവാങ്ങേണ്ടി വന്ന ജനതയേയും ഗ്രാമങ്ങളെയും കാസർകോട് കാണാം. എൻമകജെ എൻഡോസൾഫാന് ഇരയാകേണ്ടി വന്ന ഒരു ഗ്രാമത്തിന്റെ കണ്ണീരും പ്രതിരോധവുമാണ്. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്ന എം.എ.റഹ്മാന്റെ വിഷവാദികൾക്ക് ഒരു തുറന്ന കത്ത് ' എ ൻഡോസൾഫാൻ ഭീകരതയുടെ ചിത്രം വെളിവാക്കുന്നു. കത്തിന്റെ ഒരു ഭാഗം ഇങ്ങനെയാണ്:" കാർഡ് ബോർഡ് പെട്ടിയിൽ അടക്കം ചെയ്ത നവജാത ശിശുവിന്റെ മൃതദേഹത്തിന്റെ ഫോട്ടോ ഇതോടൊപ്പമുണ്ട്. ആ കണ്ണുകൾ അടഞ്ഞുകിടക്കുന്നതല്ല. എൻഡോസൾഫാൻ തോണ്ടിയെടുത്തതാണ് "(2011:45).

ഗർഭം ധരിച്ചതുമുതൽ എന്റെ കുഞ്ഞിന്റെ തല വലുതായിരിക്കുമോ എന്ന് ആശങ്കപ്പെടുന്ന അമ്മമാരെ സൃഷ്ടിച്ചത് എൻഡോസൾഫാൻ എന്ന മാരക കീടനാശിനിയാണ്. ജനിച്ച കുഞ്ഞുങ്ങൾക്ക് കണ്ണുകളില്ലാതിരിക്കുക, തല വലുതായിരിക്കുക തുടങ്ങി കാഴ്ചകളെ അമ്പരിപ്പിക്കുന്ന ഭീകരചിത്രങ്ങളുടെ സ്രഷ്ടാക്കൾ ബഹുരാഷ്ട്ര കമ്പനികളും ഭരണകൂടവും തന്നെയാണ്. ബോവിക്കാനത്തിനടുത്തുള്ള കോളനിയിലെ പെൺകുട്ടിയുടെ അനക്കാനാവാത്ത തലയുമായി നിലവിളിക്കുന്ന മുഖം എൻഡോസൾഫാൻ ഭീകരതയുടെ പര്യായമായി ഇന്നും നിലനിൽക്കുന്നു. എൻഡോസൾഫാന്റെ വിപത്തുകളെ കുറിച്ച് മനസ്സിലാവുന്നതോടെ അതിനെതിരെ പല നിലകളിൽ നിന്നും പ്രതികരണങ്ങൾ വന്നു തുടങ്ങി. പഠന കമ്മീഷനുകൾ നിലവിൽ വന്നു.വിവിധ സംഘടനകൾ രൂപം കൊണ്ടു.രാഷ്ട്രീയ-ഇതര സംഘടനകളുടെ സമരങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും നടന്നു തുടങ്ങി. 1980 മുതലാണ് പഠനനിരീക്ഷണ മേഖലയായി കാസർകോട് മാറുന്നത്.എൻഡോസൾഫാനെതിരെയുള്ള ഇടപെടലുകൾ ലോകത്തിൻ്റെ വിവിധ ഭാഗങ്ങളിൽ നിന്നായി വന്നു തുടങ്ങി. സാഹിത്യത്തിലും ഈ ഇടപെടൽ ഉണ്ടായതിൻ്റെ മികച്ച തെളിവാണ് അംബികാസുതൻ മാങ്ങാടിന്റെ നോവൽ.

"പുരുഷന്റെ കണ്ണുകൾ തുറിച്ചു. അവിശ്വസനീയമായിരുന്നു ആ കാഴ്ച. അയാൾ സംശയിച്ചു. അവിശ്വസനീയമായിരുന്നു ആ കാഴ്ച. അയാൾ സംശയിച്ചു: എല്ലാം തന്നെറെ തോന്നൽ മാത്രമായിരിക്കുമോ?" (അംബികാസുതൻ മാങ്ങാട്, 2010: 5) ആരും കാണാത്ത കാഴ്ചകളിലൂടെയുള്ള അത്ഭുത രസത്തിലൂടെയാണ് എൻമകജെ നോവൽ തുടങ്ങുന്നത്. ആ അത്ഭുതം നോവലിന്റെ പല ഭാഗത്തും കാണാം. എന്നാൽ അത് സ്ഥായിയല്ല. അത്ഭുതം പിന്നീട് തിരിച്ചറിവിലേക്ക് വഴിമാറുന്നുണ്ട്. അത്ഭുതം തിരിച്ചറിവിലേക്കും തിരിച്ചറിവ്

പ്രതിരോധത്തിലേക്ക മെത്തുന്നു.നോവൽ തുടങ്ങുന്നത് ഒരു പുരുഷനിലൂടെയും സ്ത്രീയിലൂടെയുമാണ്. ഗുഹയുമായും നീലക്കണ്ണാടിയുമായുള്ള സംവാദങ്ങളിലൂടെ യഥാക്രമം ഇരുവരുടെയും ചരിത്രം സൂചിപ്പിക്കപ്പെടുന്നു. ചരിത്രത്തിൽ നിന്നും ജീവിതത്തിൽ നിന്നുമുള്ള ഒളിച്ചോട്ടത്തിന്റെ അർത്ഥശൂന്യത ബോധ്യപ്പെടുത്തിക്കൊണ്ട് നോവലിസ്റ്റ് പുരുഷനും സ്ത്രീക്കും അവരുടെ പേരുകൾ തിരിച്ചു നല്കപ്പെടുന്ന . പിന്നീട് പുരുഷനും സ്ത്രീയും നീലകണ്ഠനും ദേവയാനിയുമായിട്ട് നോവലിൽ പ്രത്യക്ഷപ്പെടുന്നു. വലിച്ചെറിഞ്ഞ ഐഡന്റിറ്റി തിരിച്ചുപിടിക്കുന്നു. നോവൽ അവസാനിക്കുമ്പോൾ നീലകണ്ഠനും ദേവയാനിയുമില്ല.പുരുഷനും സ്ത്രീയുമേയുള്ളൂ. ഇതൊരു ബോധപൂർവ്വമായ ഇടപെടലാണ് . നഗരജീവിതത്തിന്റെ കാപട്യത്തിൽ നിന്നും ഒളിച്ചോടുന്ന നീലകണ്ഠനും ദേവയാനിയും എത്തിപ്പെടുന്നത് കൂടുതൽ സംഘർഷത്തിലേക്കാണ്. ഇരകളാക്കപ്പെട്ട ഒരു ഗ്രാമത്തിന്റെ ലോകം അവർ തിരിച്ചറിയുന്നു. അവരുടെ പ്രതിരോധം വളരെയധികം മുന്നോട്ടുപോകുകയും ചെയ്യുന്നുണ്ട്. എന്നാൽ അത് പരാജയപ്പെടുമ്പോൾ ഗുഹയെന്ന അഭയസ്ഥാനത്തിലേക്കാണ് നോവലിസ്റ്റ് അവരെ എത്തിക്കുന്നത്.

എൻമകജെ ഗ്രാമത്തിൻ്റെ ദുരന്തത്തിന് കാരണം ജ ട ധാരി ഭൂതത്തിന്റെ ശാപമാണെന്നു കരുതിപ്പോരുന്ന ജനങ്ങൾ പുതിയ തിരിച്ചറിവിലേക്ക് വരുന്നത് നീലകണ്ഠന്റെ വരവോടുകൂടിയാണ്. എൻമകജെയുടെ പ്രതിരോധ സമരങ്ങൾ നീലകണ്ഠനിലൂടെ, ജയരാജനിലൂടെ, ലീലാകുമാരിയമ്മയിലൂടെ വ്യാപിക്കുന്നു. നോവലിൽ പരാമർശിക്കുന്ന സ്വർഗ്ഗ, ജടധാരിമല, പെർല എന്നീ സ്ഥലങ്ങളെല്ലാം യഥാതഥമാണ്.എൻഡോസൾഫാൻ കീടനാശിനിക്കെതിരെയുള്ള പ്രക്ഷോഭങ്ങളുടെ കരുത്തായവുന്ന ലീലാകുമാരിയമ്മ, ജയരാജൻ, ശ്രീരാമ ,ഡോ.അരുൺകുമാർ തുടങ്ങിയ കഥാപാത്രങ്ങൾ ജീവിതത്തിൽ നിന്നും നോവലിലേക്ക് പകർത്തപ്പെട്ടവർ തന്നെ. എൻമകജെയിലെ നിരപരാധികളായ എല്ലാ മനുഷ്യരും കാസർകോട് എൻമകജെയിലും സമീപ പ്രദേശങ്ങളിലുമായി ജീവിച്ചിരിക്കുന്നവരും അല്ലാത്തവരുമായ ആളുകളാണ്. പുഞ്ചിരി ക്ലബ്ബും എസ്പാക്കുമെല്ലാം എൻഡോസൾഫാനെതിരായി നടന്ന പോരാട്ടങ്ങൾക്ക് ഊർജം പകർന്ന സംഘടനകളാണ്. മൂന്നുകാലുള്ള പശുക്കളും വികൃതരൂപമുള്ള മനുഷ്യരുമെല്ലാം അപരിചിതമായ മറ്റൊരു ലോകത്തിലെ കാഴ്ചകളെന്ന് തോന്നിപ്പിക്കുമെങ്കിലും അതല്ല യാഥാർത്ഥ്യം. ദേവയാനിയെന്ന കഥാപാത്രവും മഹാബലിയുടെ കഥയുമെല്ലാം ഒഴിച്ചുനിർത്തിയാൽ നോവൽ എൻമകജെ ഗ്രാമത്തിൻ്റെ ചരിത്രം തന്നെയാണ്. വസ്തുനിഷ്ഠമായ യാഥാർത്ഥ്യങ്ങളുടെ ആഖ്യാനമാണ് എൻമകജെയിൽ അവതരിപ്പിക്കപ്പെടുന്നത്.കാസർകോട് ജില്ലയിലെ 2000 ത്തിനു മുമ്പുള്ള ചരിത്രവും സംസ്കാരവുമാണ് നോവലിൽ അവതരിപ്പിച്ചിട്ടുള്ളതെന്നും അതിനു ശേഷം വി.എസ്. അച്ചുതാനന്ദൻ തൊട്ടുള്ള വ്യക്തികളും സംഘടനകളും മാധ്യമങ്ങളും നടത്തിയ കീടനാശിനിവിരുദ്ധ സമരങ്ങൾ ആഖ്യാനത്തിൻ്റെ പരിധിയിൽ വന്നിട്ടില്ലായെന്നും *പിൻകുറി*യിൽ ചേർക്കുന്നതോടെ(2010:196) നോവലാഖ്യാനം എൻമകജെയുടെ ചരിത്രമാണെന്നതിനുള്ള തെളിവാകുന്നു. ചരിത്രത്തിന്റെയും യാഥാർത്ഥ്യത്തിന്റെയും വർത്തമാനത്തിൽ നിന്നുകൊണ്ടുള്ള ആഖ്യാനം നോവലിനെ ഒരു ഡോക്യുമെന്റേഷനായി രൂപാന്തരപ്പെടുത്തുന്നു.

സമകാലിക രാഷ്ട്രീയത്തെയും നോവലിൽ പ്രതിപാദിക്കുന്നു. നോവലിൽ പ്രത്യക്ഷപ്പെടുന്ന നേതാവ് മാഫിയാ സംഘത്തിന്റെയും അധോലോകത്തിന്റെയുമൊക്കെ

ഭാഗമാണ്. എൻഡോസൾഫാനെതിരെയുള്ള ഒരു ജനതയുടെ പ്രതിരോധത്തെ അടിച്ചമർത്താനാണ് നേതാവും കൂട്ടരും ശ്രമം നടത്തുന്നത്. മാന്യതയുടെ മുഖാവരണം ധരിച്ച കൊണ്ട് അയാൾ തന്റെ ജനതയെ വഞ്ചിക്കുന്നു."എൻഡോസൾഫാൻ വിഷമല്ല. അത് മരുന്നാണ്. കൂടുതൽ കശുവണ്ടി ലഭിക്കാനുള്ള മരുന്ന്. മനസ്സിലായോ? ഈ നാട്ടിൽ രോഗങ്ങളുണ്ടെങ്കിൽ വേറെ കാരണമുണ്ടാകും. അതിന് നല്ല ചികിത്സയാണ് വേണ്ടത്.അല്ലാതെ ചത്ത കുഞ്ഞിനേയും കൊണ്ട് പി.സി.കെ.യിലേക്ക് ജാഥ നടത്തി സർക്കാരിൻ്റെ ഓഫീസ് എറിഞ്ഞു പൊളിക്കലല്ല "(2010:135). നേതാവിലൂടെ പുറത്തു വരുന്നത് കീടനാശിനി കമ്പിനി വക്താവിന്റെ സ്വരമാണ്. ഭരണാധികാരികൾക്ക് ആരോടാണ് കൂറ് എന്ന ചോദ്യമാണ് നോവൽ ഉന്നയിക്കുന്ന രാഷ്ട്രീയം .

ലോകത്ത് എൻഡോസൾഫാന്റെ ഏറ്റവും വലിയ കമ്പോളമായി ഇന്ത്യ മാറിയതിലും പ്രത്യാഘാതങ്ങൾക്കെതിരെ ശക്തമായ ജാഗ്രത ഭരണാധികാരികൾ പുലർത്താത്തതിന്റെയും പിന്നിൽ ഒളിഞ്ഞിരിക്കുന്നത് മൂലധന താല്പര്യമാണ്. ലോകരാജ്യങ്ങൾ എൻഡോസൾഫാനെതിരായി സ്റ്റോക്ക് ഹോം കൺവെൻഷനിൽ ഒറ്റക്കെട്ടായി ശബ്ദമുയർത്തിയപ്പോൾ എൻഡോസൾഫാൻ വിഷക്കമ്പനികൾക്ക് വേണ്ടിയായിരുന്നു ഇന്ത്യയുടെ ശബ്ദമുയർന്നത്( കേരളത്തിന്റെ വേറിട്ട ശബ്ദം ജനീവയിൽ കേട്ടിരുന്നെങ്കിലും). വിഷ ലോബിയെ സഹായിക്കാൻ പുറപ്പെടുന്ന ഭരണകൂടത്തെ തന്നെയാണ് നോവലിലും കാണുന്നത്. ഭരണകൂടം പ്രതിസ്ഥാനത്തായി വരുന്നു. നിഷ്കളങ്കരായ ജനതയുടെ മേൽ നടത്തുന്ന അധിനിവേശത്തെയാണ് *എൻമകജെ* സാക്ഷ്യപ്പെടുത്തുന്നത്.കാസർകോട് അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് പൊതുസമൂഹം എൻഡോസൾഫാനെതിരെ പ്രക്ഷോഭമാരംഭിച്ചത്. പ്രക്ഷോഭങ്ങളുടെ ആദ്യഘട്ടം മുതൽക്കു തന്നെ അതിനെതിരായി എൻഡോസൾഫാൻ ലോബി പ്രവർത്തിച്ചിരുന്നു. നോവലിൽ പറയുന്ന നേതാവും കൂട്ടരുമെല്ലാം ഈ ലോബിയുടെ ഭാഗമാണ്. എൻഡോസൾഫാൻ കീടനാശിനി തളിക്കുന്നതിലൂടെ സൃഷ്ടിക്കപ്പെട്ട ആരോഗ്യ പ്രത്യാഘാതങ്ങൾക്കൊന്നും എവിഡൻസ് ഇല്ലെന്നാണ് ലോബി ഉയർത്തുന്ന വാദം. നോവലിൽ ഇതിന് മറുപടി പറയുന്നുണ്ട്. പരീക്ഷിത്തിന്റെ ശവശരീരവുമായി നടത്തിയ ജാഥാ സത്യാഗ്രഹത്തിൽ ഡോക്ടർ നടത്തിയ പ്രസംഗം അതിനുദാഹരണമാണ്. " മെഡിക്കൽ എവിഡൻസാണ് എല്ലാരി ക്കും ബേണ്ടത് .. എട്ട് വയസ്സുള്ള ഒരു കുഞ്ഞ് ഒരു വയസ്സിന്റെ വലിപ്പത്തില് കെട് ക്ക്ന്ന കണ്ടില്ലേ? തലനാര് മുഴുവൻ നരച്ച്, പുണ്ണ് മേലാകെ നെറഞ്ഞ്. ഇതിനപ്പുറം എന്ത് എവിഡൻസാസന്നത് വർത്തമാനകാല രാഷ്ട്രീയത്തിലെ പ്രധാന ചിഹ്നമാണ്. അഴിമതിയും തിരുത്തലുകളുമെല്ലാം ഇതിനെ പിൻപറ്റുന്നു. അധികാരത്തെ ദുരുപയോഗപ്പെടുത്തുന്നത് തെളിവിനുള്ള രേഖകളുണ്ടാക്കാൻ വേണ്ടിയും.എന്നാൽ എൻഡോസൾഫാൻ ഇരകളുടെ ദയനീയ ചിത്രം മുന്നിൽ നിൽക്കുമ്പോഴും എന്ത് തെളിവാണ് എന്ന് ചോദിക്കുന്നതാണ് സമീപകാല രാഷ്ട്രീയത്തിന്റെ ചിത്രം. പ്രതിരോധത്തിന്റെ വിവിധ സമരമുറകളെ എൻമകജെയിൽ അടയാളപ്പെടുത്തുന്നു. കൃഷി മന്ത്രിക്ക് എൻമകജെയുടെ പൂക്കളം കൊണ്ട് കണിയൊരുക്കുന്നതും പരീക്ഷിത്തിന്റെ ശവപ്പെട്ടിയുമായുള്ള യാത്രയും എൻഡോസൾഫാൻ ബാരലുകൾ തട്ടി മറിച്ചതുമായ സമര പ്രവർത്തനങ്ങൾ അടയാളപ്പെടുത്തുന്നത് സാമൂഹ്യ പ്രതിബദ്ധതയും അധിനിവേശത്തിനെതിരെയുള്ള ചെറുത്തു നില്പുമാണ്. പ്രാദേശിക ചെറുത്തു നില്പിലൂടെ വികസിച്ച വരുന്ന ആഗോള ചെറുത്തു നില്പായി നോവൽ മാറുന്നു.

ആധുനികാനന്തര മലയാളനോവലിന്റെ രാഷ്ട്രീയ സ്വഭാവം പ്രകടമായി വരുന്ന ആഖ്യാനമാണ് *എൻമകജെ.*

**ഗ്രന്ഥസൂചി**

അംബികാസുതൻ മാങ്ങാട്, 2010, എൻമകജെ, ഡി സി ബുക്സ്, കോട്ടയം

......, 2010, ' എൻമകജെയുടെ സത്യം ', എൻമകജെ പഠനങ്ങൾ ( എ ഡി.സന്തോഷ് ഏച്ചിക്കാനം), കറന്റ് ബുക്സ്, കോട്ടയം

തരകൻ കെ.എം, 1999, ഉത്തരാധുനികതയും മറ്റും, കറന്റ് ബുക്സ്, കോട്ടയം

ദിവ്യ സി. കെ. ,2011, പ്രതിരോധത്തിന്റെ രാഷ്ട്രീയം നോവലിൽ (എം.ഫിൽ ഗവേഷണ പ്രബന്ധം-അപ്രകാശിതം) ,മലയാള വിഭാഗം, സംസ്കൃത സർവകലാശാല, കാലടി.

മധുരാജ്, 2010,' ജീവിക്കാതെ മരിച്ചതും മരിച്ച ജീവിക്കുന്നതും', മാതൃഭൂമി, പുസ്തകം 88, ലക്കം 42, കോഴിക്കോട്.

വിജയൻ എം.എൻ., 2002, ' പ്രതിരോധത്തിന്റെ കല', ഹരിത നിരൂപണം മലയാളത്തിൽ(എ ഡി.മധുസൂദനൻ ), കറന്റ് ബുക്സ്, തൃശ്ശൂർ.

റഹ്മാൻ എം.എ., 2011, 'വിഷവാദികൾക്ക് ഒരു തുറന്ന കത്ത്',മാതൃഭൂമി, പുസ്തകം 89, ലക്കം 25, കോഴിക്കോട് .